ഉത്തരം

(എ, ബി, സി, ഡി, ഇ, എഫ്, ആൻറ് ജി) വിവരം ശേഖരിച്ചു വരുന്നു.

സ്വാതന്ത്ര്യ സമരസേനാനികൾക്ക് മെഡിക്കൽ റീ-ഇംപേഴ്സ്മെൻറ് നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ നടപടി

119 [1298] ശ്രീ. പാലോട് രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വാതന്ത്ര്യസമരസേനാനികൾക്ക് മെഡിക്കൽ റീ-ഇംപേഴ്സ്മെൻറ് ഇനത്തിൽ 1995-96-ൽ 1-3-1996 വരെ എന്തു തുക നൽകിയിട്ടുണ്ട്;

(ബി) ഇനി എന്തു തുക നൽകാനുണ്ട്;

(സി) റീ-ഇംപേഴ്സ്മെൻറ് നൽകുന്നതിനുള്ള കാലതാമസം സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഇ) സ്വാതന്ത്ര്യ സമരസേനാനികൾക്കുള്ള റീ-ഇംപേഴ്സ്മെൻറി നാവശ്യമായ തുക നടപ്പു സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി, സി, ആൻറ് ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) അടുത്ത സാമ്പത്തിക വർഷത്തിൽ (1996-97) ഇതിനുവേണ്ടി ഒരു പ്രത്യേക ശീർഷകത്തിൻകീഴിൽ ആവശ്യമായ തുക വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ലെപ്രസി ഫിസിയോ തെറാപ്പിസ്റ്റ് തസ്തികയിലേക്കുള്ള നിയമനം

120 [1299] ശ്രീ. എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ ലെപ്രസി ഫിസിയോ തെറാപ്പിസ്റ്റ് തസ്തികയിലേക്കുള്ള നിയമനം ഏതു ഗവൺമെൻറ് ഉത്തരവു പ്രകാരമാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി 1995 മേയിലും, 1996 ഫെബ്രുവരി മാസത്തിലും ലെപ്രസി ഇൻസ്പെക്ടർമാരെ ലെപ്രസി ഫിസിയോ തെറാപ്പി ട്രെയിനിംഗിന് വിവിധ സംസ്ഥാനങ്ങളിൽ ഡെപ്യൂട്ട് ചെയ്ത വിവരം സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇപ്രകാരം ക്രമവിരുദ്ധമായി എത്രപേരെ ട്രെയിനിംഗിന് അയച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സർക്കാരിന് സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കുന്ന പ്രസ്തുത ട്രെയിനിംഗിന് ഡെപ്യൂട്ട് ചെയ്ത നടപടി പിൻവലിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജി. ഒ. (എം. എസ്.) 44/70/ആ. വ. തീയതി 9-2-1970 പ്രകാരം.

(ബി, സി, ആൻറ് ഡി) വിവരം ശേഖരിച്ചുവരുന്നു.

മലയോര മേഖലയിലെ ആശുപത്രികളിൽ ഡോക്ടർമാരെ നിയമിക്കാൻ നടപടി

121 [1300] ശ്രീമതി ശോഭനാ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര പ്രദേശങ്ങളിലെ ആശുപത്രികളിൽ ഉണ്ടാകുന്ന ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രദേശങ്ങളിലെ ആശുപത്രികളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനു സർക്കാർ എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആശുപത്രികളിൽ ഉണ്ടാകുന്ന ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിന് പി.എസ്.സി. ലിസ്റ്റിൽ നിന്നും 440 അസിസ്റ്റൻറ് സർജൻമാരെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) മലയോര പ്രദേശങ്ങളിലെ ആശുപത്രികളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുവേണ്ടി മുഖ്യമന്ത്രിയുടെ പതിനഞ്ചിന പരിപാടിയുടെ ഭാഗമായി വയനാട്, കാസറഗോഡ് എന്നീ ജില്ലകൾക്ക് $2\frac{1}{2}$ കോടി രൂപ വീതവും ഇടുക്കി ജില്ലയ്ക്ക് 3 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

ഡെപ്യൂട്ടേഷൻ കാലയളവിൽ ശമ്പളം ലഭിക്കാത്ത ഡോക്ടർമാർ

122 [1301] ശ്രീ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതാപൻ കമ്മീഷൻ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ 1-1-1995-ൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത ഉത്തരവിൻറെ അടിസ്ഥാനത്തിൽ പി. ജി. കോഴ്സിന് ചേർന്ന ഡോക്ടർമാർക്ക് ഡെപ്യൂട്ടേഷൻ കാലത്തേക്ക് അനുവദിച്ച ശമ്പളം അവർക്ക് ഇതുവരെ ലഭിച്ചിട്ടില്ല എന്ന പരാതി സർക്കാരിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly